**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2305 — 19/07/2016 -ൽ മറുപടിയ്ക്ക്

# പോളിഹൗസ് ഫാമിംഗ് സമ്പ്രദായം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| എ) | സംസ്ഥാനത്ത് പോളിഹൗസ് ഫാമിംഗ് സമ്പ്രദായം മെച്ചപ്പെടുത്തുവാനും വ്യാപിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ടോ; ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് പോളിഹൗസ് ഫാമിംഗ് ആരംഭിച്ചെങ്കിലും പലി പോളിഹൗസുകളും ശരിയായി പ്രവർത്തിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോളീഹൗസ് ഫാമിംഗിനായി മുന്നോട്ട് വന്ന കർഷകർക്ക് പരിശീലനത്തിന്റെയും, പരിചയത്തിന്റെയും അഭാവം പോളിഹൗസ് പ്രവർത്തനത്തെ ബാധിച്ചിട്ടട്. നിലവിലുള്ള കർഷകർക്ക് പരിശീലനം നല്കുന്നതിന് പുറമെ പോളിഹൗസ് കൃഷി സമ്പ്രദായത്തിൽ പരിശീലനം പൂർത്തിയായവർക്ക് മാത്രമേ മേലിൽ പോളിഹൗസുകളുടെ നിർമ്മാണത്തിന് ആനുകൂല്യം ലഭ്യമാക്കൂ എന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പോളിഹൗസ് കൃഷിക്ക് അനുയോജ്യമായ മെച്ചപ്പെട്ട ഇനങ്ങൾ കണ്ടെത്തുന്നതിന് കാർഷിക സർവ്വകലാശാലക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതോടൊപ്പം വിസ്തീർണ്ണം കുറഞ്ഞ പോളീഹൗസുകളുടെ സാദ്ധ്യതയും ആരാഞ്ഞ് വരുന്നു. അതോടൊപ്പം നിലവിലുള്ള പോളീഹൗസുകളിൽ സജീവമായ ഉല്പാദനം പുനരാരംഭിക്കുവാനും വേണ്ട നടപടിയുണ്ടാകും. |
| ബി) | പോളിഹൗസ് ഫാമിംഗ് വഴി ഉത്പ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സ്വീകരിച്ച് വരുന്ന മാർക്കറ്റിംഗ് രീതികൾ എന്തെല്ലാമെന്നും പുതിയ രീതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ? | ബി) പോളീഹൗസ് ഫാമിംഗ് വഴി ഉത്പാദിപ്പിക്കുന്ന ഉത്പ്പന്നങ്ങൾ അധികവും കർഷകർ വിവിധ മാർഗ്ഗങ്ങളിലൂടെ നേരിട്ട് വിറ്റഴിക്കുകയാണ് ചെയ്യുന്നത്. താരതമ്യേന കീടനാശിനി പ്രയോഗം കുറഞ്ഞ ഉത്പ്പന്നമായതിനാൽ പോളീഹൗസ് ഉത്പ്പന്നങ്ങൾക്ക് ഏറെ ആവശ്യക്കാർ ഉണ്ട്. ഉത്പ്പന്നങ്ങൾക്ക് മികച്ച വിലയും ലഭിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും പോളീഹൗസ് കർഷകരുടെ കൂട്ടായ്മകൾ രൂപീകരിച്ച് അതിലൂടെ സംഘടിതമായി വിപണന സംവിധാനം ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഈ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അധിക ഉല്പാദനം ഉണ്ടാകുന്ന പക്ഷം കൃഷി വകുപ്പിന്റെ കാർഷിക മൊത്ത വ്യാപാര വിപണികൾ മുഖേനയും, ഹോർട്ടികോർപ്പിന്റെ സംഭരണശാലകൾ മുഖേനയും വില്പനയ്ക്ക് അവസരമുണ്ട്. |

**സെക്ഷൻ ഓഫീസർ**